**പക്ഷികൾ**

അധികം ആൾതാമസം ഇല്ലാത്ത നാട്ടിൻപുറത്ത് രാത്രി കാലങ്ങളിൽ വരുന്ന ഒരു പക്ഷിയാണ് 'നെറ്റലാൻ' പക്ഷി. രാത്രി കാലങ്ങളിൽ ഇവ ശബ്ദമുണ്ടാക്കിയാൽ നാട്ടിൽ ഒരു മരണം സംഭവിക്കും എന്നാണ് പഴമക്കാർ പറയുന്നത്. ഈ പക്ഷികളിൽ ഒരു പക്ഷി 'പോവ്വാ' എന്ന ശബ്ദമുണ്ടാക്കുമ്പോൾ മറ്റൊരു പക്ഷി 'കുത്തിച്ചുട്' എന്ന ശബ്ദവും ഉണ്ടാക്കിയാലാണ് മരണം സംഭവിക്കുക.

'നത്ത്' എന്ന ഒരു പക്ഷി കരഞ്ഞാൽ കുട്ടികൾക്ക് അസുഖം വരുമെന്ന് പറയുന്നു. അതായത് 'പക്ഷി കീഡ' പറ്റുക എന്ന് പറയുന്നത്. ഈ പക്ഷി സന്ധ്യാസമയത്തും പാതിരാ നേരത്തും ആണ് ഒരു പ്രത്യേക ശബ്ദത്തിൽ കരയുന്നത്. പക്ഷി കീഡ പറ്റിയാൽ സാധാരണ ഇത് മാറ്റുന്നത് പാണൻമാരും വേലന്മാരുമാണ്. ഇവർ നത്തിനെ വിലക്കുകയാണ് ചെയ്യുന്നതെന്ന് പറയുന്നു. അതായത് ഒരു മന്ത്രം ചൊല്ലുമ്പോൾ ഒന്നുകിൽ നത്ത് അവിടെനിന്ന് പോകുന്നു, അല്ലെങ്കിൽ അവിടെ കുഴഞ്ഞ് വീഴുമെന്ന് പറയുന്നു. മാർച്ച് മാസങ്ങളിൽ കണ്ടുവരുന്ന ഒരു പക്ഷിയാണ് "വിത്തുംകൈക്കോട്ടും" എന്നു പറയുന്ന പക്ഷി. മാർച്ചുമാസത്തിൽ വരുന്നതുകൊണ്ട് പൊടിവിതയെ സൂചിപ്പിക്കുന്നു എന്നും പറയുന്നു. വിഷുപക്ഷിയെന്നും ഇതിനെ വിളിക്കാറുണ്ട്. മെയ്മാസം അവസാനത്തോടുകൂടി ഈ പക്ഷിയെ കാണാറില്ല എന്നും പറയുന്നു.

**തൃശ്ശൂരിലെ വവ്വാലുകൾ**

കേരളം ശാസ്ത്രലോകത്തിന് വളരെയേറെ പ്രാധാന്യമുള്ള ഇന്ത്യയിലെ ഒരു ഭാഗമാണ്. മദ്ധ്യകേരളത്തിലെ തൃശ്ശൂർ ജില്ല-നരിച്ചീറുകളുടെ (വവ്വാലുകളുടെ) ഒരു കലവറയാണ്. ഏകദേശം ഒരു ശതാബ്ദത്തിനു മുമ്പു മാത്രമേ കേരളത്തിലെ നരിച്ചീറുകളെ പറ്റി സർവ്വേ നടത്തിയിട്ടുള്ളൂ. അതിനുശേഷം അടുത്തകാലത്ത് ആറോ ഏഴോ തരം നരിച്ചീറുകളെ കണ്ടെത്തുകയുണ്ടായി. അതിനുശേഷം അധികമാരും ഈ പറക്കുന്ന സസ്തനികളെ പറ്റി അധികം പഠിച്ചിട്ടില്ല. അടുത്തകാലത്ത് തൃശ്ശൂർ ജില്ലയിലെ പലതരം നരിച്ചീറുകളെയും പ്രഫസർ.എ.മാധവൻ പഠിച്ചിട്ടുണ്ട്. ഏകദേശം 24 തരം നരിച്ചീറുകളെ ഇവിടെ പഠനവിധേയമാക്കിയിട്ടുണ്ട്. ആൾപാർപ്പില്ലാത്ത കെട്ടിടങ്ങൾ, കിണറിന്റെ വങ്കുകൾ,തെങ്ങിൻ പൊത്തുകൾ, മുളമ്പൊത്തുകൾ,പന,ചുമരുകളുടെ വിള്ളലുകൾക്കിടയിൽ, ജീർണ്ണിച്ച കട്ടിളകളിലെ ദ്വാരങ്ങളിൽ,കോട്ടകളുടെ ഇരുട്ടുമുറികളിൽ, നിലവറകളിൽ, ഉരുപ്പടികൾ അടങ്ങിയിട്ടുള്ള ഗുദാമുകളിൽ, ഓട്ടുകൾക്കിടയിൽ, വാമടകൾക്കിടയിൽ, കോട്ടകഴുക്കോലുകൾക്കിടയിൽ, ക്ഷേത്രഗോപുരങ്ങൾക്കിടയിൽ, പള്ളികളിലെ മണി ഗോപുരങ്ങൾക്കിടയിൽ, പാറക്കെട്ടുകളിലെ വിള്ളലുകളിൽ, ചോറക്കാടുകളിൽ, ആൽ മുതലായ വൃക്ഷങ്ങളുടെ കൊമ്പുകളിൽ, വേരുകൾക്കിടയിൽ, പൊത്തുകളിൽ, പന,തെങ്ങ് മുതലായവയുടെ തടികളിലെ പോതുകളിൽ, പ്രത്യേകിച്ചും ജീർണ്ണിച്ചവയുടെ,കുടപ്പന ഓലയ്ക്കടിയിൽ, വാഴയിലച്ചുരുകളിൽ ഒക്കെയാണ് ഇവയെ കാണുക.

രാത്രി,മ്ളാനത,മരണം -ഇവയുടെ എല്ലാം പ്രതീകമായി നരിച്ചീറിനെ കാണുന്നു. ”ഡ്രാക്കുള” നരിച്ചീറുകൾക്ക് ഭീകരതയുടെ മുഖമാണ് നൽകുന്നത്. ഇവയെ കാണുന്നത് ദു:ശകുനമാണെന്ന അന്ധവിശ്വാസവുമുണ്ട്.

നരിച്ചീറുകൾ ഒരു തരം പക്ഷിയാണെന്നാണ് പൊതുവെയുള്ള ധാരണ .ഇവയെ സംബന്ധിച്ച് ഒരു കഥയുണ്ട്. നരിച്ചീറുകൾ തങ്ങളെ മനുഷ്യരാക്കണേ എന്ന് അമ്പലത്തിൽ പ്പോയി പ്രാർത്ഥിച്ചു. ദൈവം പ്രസാദിച്ച് ഒരു പരിധിവരെ അവരുടെ പൂർവ്വ രൂപം മാറ്റിക്കൊടുത്തു. അങ്ങിനെ രോമവും പല്ലും ഏതാണ്ട് മനുഷ്യരൂപവും ദൈവം നരിച്ചീറിന് നല്കി. പക്ഷി രൂപം തീരെ മാറാഞ്ഞ് നാണിച്ച് പക്ഷികളിൽ നിന്ന് ഒഴിഞ്ഞുമാറി അവർ രാത്രികാലങ്ങളിൽ സഞ്ചരിക്കാൻ തുടങ്ങി. പകൽ അമ്പലങ്ങളിൽ തങ്ങി തങ്ങളെ വീണ്ടും പക്ഷികളാക്കി രൂപാന്തരപ്പെടുത്തി തരണേ എന്ന് ദൈവത്തോട് പ്രാർത്ഥിച്ചു.

പകൽസമയത്ത് വവ്വാലുകൾ ശത്രുക്കളിൽ നിന്ന് രക്ഷ പ്രാപിക്കാനായി ഒളിച്ചിരിക്കാറുണ്ട്. ആലിൽ തൂങ്ങുന്നവ(പകൽ കാണാം). പാമ്പ്,മൂങ്ങ, പരുന്ത് തുടങ്ങിയവയാണ് ഇവരുടെ മുഖ്യശത്രുക്കൾ. രാത്രിസമയങ്ങളിൽ ഇവ ഇര തേടും. പൊതുവെ ഇവയ്ക്ക് കാഴ്ച കുറവാണ്. ശബ്ദതരംഗങ്ങൾ ശ്രവിച്ചാണ് ഇവ ഇര തേടുക. ഇവ സസ്തനികളാണ്. പാലൂട്ടുന്ന വർഗ്ഗമാണ്. ഇവയ്ക്ക് രോമങ്ങളാണുള്ളത്. അല്ലാതെ പക്ഷികളെ പോലെ തൂവലുകളല്ല. ഇവയ്ക്ക് നടക്കാൻ സാധിക്കില്ല. കാലുകൊണ്ട് തൂങ്ങുകയാണ് പതിവ് . കാലുകൾ പിന്നിലേക്ക് മടങ്ങുന്നതുകൊണ്ട് ഇവയ്ക്ക് നടക്കാൻ സാധിക്കില്ല. ഈർപ്പമുള്ള സ്ഥലങ്ങളിലാണ് ഇവ സാധാരണ കാണുക.

ഈ പലതരം നരിച്ചീറുകൾ രാത്രികാലങ്ങളിൽ ഇരയെപ്പിടിക്കാൻ നടക്കാറുണ്ട്. ഇവ പ്രകൃതിയുടെ വലിയ ഒരു സമ്പത്താണ്. കാരണം നാശകാരികളായ കീടങ്ങളെ പിടിച്ചു തിന്നുന്നതുകൊണ്ട് കൃഷിക്ക് വളരെ സഹായകരമാണ്. അതുപോലെ പരാഗദാനം മറ്റ് ഫലങ്ങളുടെ ഡിസ്പേർസൽ മുതലായവയൊക്കെ ഈ ജീവികൾ നടത്തുന്നുണ്ട്. അതുകൊണ്ട് ഈ പറക്കും സസ്തനികൾ മനുഷ്യന് വളരെയധികം ഉപകാരം ചെയ്യുന്നവയാണ്.

തൃശ്ശൂർ ജില്ലയിൽ വെങ്ങിണിശ്ശേരി ,പാറളം,പൂത്തറക്കൽ , ചിറക്കൽ,ചേർപ്പ് , ഇത്യാദി സ്ഥലങ്ങളിൽ ഇവയെ ധാരാളം കാണാവുന്നത്. നിരീക്ഷണ പാടവം കൊണ്ടുമാത്രമെ ഇവയെ പഠിക്കാനും ഇവയുടെ ജീവിതരഹസ്യങ്ങളെ മനസ്സിലാക്കാനും സാധിക്കു. ഒരു ജീവിയും മനുഷ്യന് ബഹിഷ്കരിക്കാൻ സാധിക്കുന്നവയല്ല. പ്രകൃതിയെയും മനുഷ്യനെയും കൂട്ടിയിണക്കുന്ന ഒരു കണ്ണിയാണ് ഈ രാത്രിയിലെ പക്ഷികൾ.ഇവയെ സംരക്ഷിക്കുവാനും, നിരീക്ഷിക്കുവാനും നാം ബാദ്ധ്യസ്ഥരാണ്.

വവ്വാൽ ഇറച്ചി ആസ്തമയ്ക്ക് വളരെ നല്ലതാണ് എന്ന് ഗ്രാമീണമേഖലയിൽ അറിയപ്പെടുന്നു. നരിച്ചീറുകൾ സസ്തനികളാണ്. നരിച്ചീറുകളിൽ കീടഭോജികളും

ഫലഭോജികളും ഉണ്ട്. ഫലഭോജികൾക്ക് സാധാരണ കാഴ്ചശക്തിയുണ്ട്.കീടഭോജികൾക്ക് കാഴ്ചശക്തി കുറവാണ്. ഇത് ഭക്ഷണരീതിയെ ആസ്പദമാക്കിയുള്ള തരം തിരിക്കലാണ്. കീടഭോജികൾ പൊതുവെ തെങ്ങിന്റെ പൊതമ്പ് , ഭിത്തിയിലെ വിള്ളലുകൾ എന്നിവിടങ്ങളിൽ കാണാറുണ്ട്.

**തൃശ്ശൂരിലെ നരിച്ചീറുകൾ -**

ആയിരത്തിചില്വാനം വവ്വാലുകളെ ഇതുവരെ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇവയിൽ 100-ഓളം ഇന്ത്യയിൽ നിന്ന് കണ്ടുപിടിച്ചവയാണ്. കേരളത്തിൽ നിന്നുതന്നെ തൃശ്ശൂർ ,കോഴിക്കോട്, എറണാകുളം ഇവയിൽ പ്രധാനമായും വ്യത്യസ്തങ്ങളായ 24 ഓളം വവ്വാലുകളെ കണ്ടെത്തിയിട്ടുണ്ട്. ആലിൻമേൽ തൂങ്ങുന്നവ -കട വാതിലുകളെ ഫ്ളയിംഗ് ഫോക്സ് എന്നാണറിയപ്പെടുന്നത്. നരിച്ചീർ,വവ്വാൽ,പാറാട,കടവാതിലുകൾ എന്നിങ്ങനെ ഗ്രാമീണമേഖലകളിൽ ഇവയ്ക്ക് അനേകം പേരുകളുണ്ട്. നരിച്ചീർ/വവ്വാൽ എന്നതാണ് ഇവയുടെ ശരിയായ പേരുകൾ എന്ന് അവകാശപ്പെടുന്നു. "പാറാത്തൽ" എന്നത് വവ്വാലുകളാണെന്ന തെറ്റായ ധാരണയുണ്ട്. യഥാർത്ഥത്തിൽ ഇവ ഒരു തരം അണ്ണാനാണ്. ഇവ സാധാരണയായി കാടുകളിലാണ് കണ്ടു വരുന്നത്. ഇവയ്ക്ക് ചിറകുകളുണ്ട്. എങ്കിലും പറക്കാൻ സാദ്ധ്യമല്ല. കാട്ടിലെ പല മരങ്ങളും നിലനിൽക്കുന്നത് വവ്വാലിന്റെ വിത്തുവിതരണ പ്രക്രിയ കാരണമാണ്. മാവ്,പേര,ഈന്തപ്പന, തുടങ്ങിയ അനേകം മരങ്ങളുടെ വിത്തുകൾ വിതരണം ചെയ്യുന്നത് വവ്വാലുകൾ ആണ്. വവ്വാലുകൾ ഇല്ലാതായാൽ നിത്യഹരിത വനങ്ങൾ നശിക്കും. പല സസ്യങ്ങളുടെ പൂക്കളിലും പരാഗവിതരണം നടത്തുന്നതും ചെറുവവ്വാലുകൾ (നരിച്ചീറുകൾ) ആണ്. വവ്വാലുകൾ കൂടുതൽ പഴുത്ത പഴങ്ങളേ തിന്നാൻ തെരഞ്ഞെടുക്കൂ. അതിനാൽ പഴത്തോട്ടത്തിന് വവ്വാലുകൾ ഒരു ഭീഷണിയല്ല. മറ്റു ജന്തുക്കളുടെ ആഹാരം വാവ്വൽ കവർന്നുതിന്നുകയില്ല. രാത്രി പറന്നുനടക്കുന്ന കീടങ്ങളെ (ഉദാ. കൊതുക്) തിന്നുന്ന ഒരു പ്രധാനജീവിയാണ് വാവ്വൽ. ഒറ്റ നരിച്ചീർ തന്നെ ഒരു രാത്രി മൂവ്വായിരം മുതൽ നാലായിരം വരെ കീടങ്ങളെ വിഴുങ്ങുമെന്നാണ് കണക്ക് .

വവ്വാൽ കാഷ്ഠം നല്ല വളമാണ്. കീടങ്ങളെ തിന്നുകഴിയുന്ന ചെറുവവ്വാലുകൾ ലക്ഷകണക്കിന് ഒന്നിച്ച് കൂട്ടമായി ജീവിക്കുന്ന ഗുഹകളിൽ നിന്നും അനേകടൺ കാഷ്ഠം ലഭിക്കുന്നു. നരിച്ചീർ കാഷ്ഠം കാർബ്ബൺ,നൈട്രജൻ പലതരം ധാതുക്കൾ മുതലായവ അടങ്ങിയതാണ്. ഇവ രൂപഭേദം പ്രാപിച്ച് ഒരു ഭക്ഷ്യശൃംഖല പ്രകൃതിയിൽ രൂപപ്പെടുന്നു.

സാധാരണ ഒരു വവ്വാൽപ്പെണ്ണിന് ഒരു പ്രസവത്തിൽ ഒന്ന് അഥവാ രണ്ട് കുട്ടികൾ മാത്രമേ ഉണ്ടാകാറുള്ളൂ. മിക്കവാറും വർഷത്തിൽ ഒരിക്കൽ മാത്രമാണ് പ്രസവം. അപൂർവ്വം രണ്ട് പ്രാവശ്യവും. കുട്ടികൾക്ക് മുല കൊടുത്തു വളർത്തുന്നു. തീറ്റയും കൊണ്ടുവന്നുകൊടുക്കും. കുഞ്ഞുങ്ങളെ കൊണ്ടുനടക്കുന്നവരും അല്ലാത്തവരും ഉണ്ട്.

ഗുഹകളിൽ കുട്ടികളെ ഇട്ടിട്ട് പോകും. ഒരു വവ്വാലമ്മ കുഞ്ഞിനു തീറ്റയുമായി വവ്വാൽ കൂട്ടത്തിൽ തിരിച്ചുചെന്നാൽ തെറ്റുപറ്റാതെ തന്റെ കുഞ്ഞിനുതന്നെ തീറ്റ നല്കും. സ്വന്തം കുഞ്ഞിനെ തിരിച്ചറിയാൻ അവയ്ക്കു കഴിയുമെന്നർത്ഥം.

സസ്തനികളിൽ ഏറ്റവും വലിയകുടുംബസമൂഹം വവ്വാലുകളുടേതാണ്. 18 കുടുംബങ്ങളിലായി ഏകദേശം ആയിരത്തോളം ജാതികളുണ്ട്. മനുഷ്യനുൾപ്പെടുന്ന ജൂശാമലേ എന്ന ഗോത്രത്തിനോട് വാവൽ ഗോത്രത്തിന് വളരെ അടുപ്പമുണ്ട്. വവ്വാലുകളുടെ മുഖം കണ്ടാൽ അവയ്ക്ക് എലി,അണ്ണാൻ തുടങ്ങിയവയോട് സാദൃശ്യം തോന്നും.

വലിയതരം വവ്വാലുകൾ വലിയമരങ്ങളുടെ മുകളിൽ കൂട്ടമായി തൂങ്ങികിടക്കാറുണ്ട്. ഇവിടെ കടവാവലുകൾ എന്നു പറയും. ഇവ പ്രധാനമായും പഴങ്ങളാണ് തിന്നുന്നത്. പഴം തിന്നുകഴിയുന്ന ചെറിയഇനം വവ്വാലുകളും നമ്മുടെ നാട്ടിലുണ്ട്.

നരിച്ചീറുകൾ എന്നു നാം വിളിക്കുന്നത് ചെറിയ ഇനം വവ്വാലുകളെയാണ്. ഇവയുടെ ഭക്ഷണം പ്രധാനമായും കീടങ്ങളാണ്. വളരെ ചുരുക്കം ചിലർ തേനും പൂമ്പൊടിയും ചിലതരം പഴങ്ങളും തിന്നു ജീവിക്കുന്നുമുണ്ട്. ഒരു കൂട്ടർ തവളകളെയും ഓന്തുകളെയും ചെറിയ എലികളെയും തിന്നുജീവിക്കുന്നുണ്ട്. രക്തം കുടിക്കാൻ കഴിവുള്ള വാമ്പയർ വവ്വാലുകളും ഒരു തരം നരിച്ചീറുകൾ ആണ്. നരിച്ചീറുകൾ ആണ് വാവ്വലുകളിൽ 98 ശതമാനവും.

ചെറിയ ഇനം നരിച്ചീറുകളിൽ ചിലതിന് നല്ല നിറവുമുണ്ട്. ചിത്രശലഭങ്ങളാണെന്ന് തോന്നും. അവ സാധാരണ വാഴകളിൽ തൂങ്ങികിടക്കുന്നവരാണ്. അവ വംശനാശത്തെ നേരിടുന്ന ഒരു ജാതിയാണ്.

വലിയ വവ്വാലുകൾ വലിയമരങ്ങൾക്കുമുകളിൽ പകൽ വിശ്രമിക്കുന്നതുകാണാം. ആൽ,പന തുടങ്ങിയ മരങ്ങളിലാണ് ഇങ്ങനെ തൂങ്ങികിടക്കാറ്. ഗ്രാമപ്രദേശങ്ങളിലെ സർപ്പകാവുകളിൽ വൻ മരങ്ങൾ അവയ്ക്കു നല്ല അഭയകേന്ദ്രങ്ങളാണ്. സർപ്പക്കാവുകൾ രക്ഷിച്ചാൽ വാവ്വലുകൾക്കും രക്ഷയാകും.

നരിച്ചീറുകൾ പഴയവീടുകളിലെ ഇരുളുള്ള ഭാഗങ്ങൾ,ഗുഹകൾ പാറക്കെട്ടുകൾക്കിടയിൽ തുടങ്ങിയ സ്ഥലങ്ങളിൽ പകൽ കഴിയുന്നു. ഓടുകൾക്കിടയിലും പഴയകിണറുകളിൽ (വങ്ക്) കാണുന്ന പൊത്തുകളിലും മരപ്പൊത്തുകളിലും ഇവ ഇരിക്കാറുണ്ട്.

കടവാവ്വലുകളെപ്പോലെയുള്ള പഴങ്ങൾ തിന്നുജീവിക്കുന്ന വവ്വാലുകളുടെ കണ്ണുകൾക്ക് നല്ല കാഴ്ചയുണ്ട്. അവ കായ്കനികൾ കണ്ടെത്തുന്നതും വഴിയറിയുന്നതും കണ്ണുകൊണ്ടാണ്. എന്നാൽ നരിച്ചീറുകളെപ്പോലെ കീടങ്ങളെ തിന്നുകഴിയുന്നവയുടെ കാഴ്ചശക്തി കുറവാണ്.

അവയ്ക്ക് ഇരുട്ടിൽ കാഴ്ചയുണ്ട്. കൊതുകുകളെ വരെ കാണാനാകും. പക്ഷെ കണ്ണുകൊണ്ടല്ല. ശബ്ദതരംഗങ്ങൾ ഉപയോഗിച്ചുള്ള തിരിച്ചറിയലാണ്. അവ അൾട്രാസോണിക് തരംഗങ്ങൾ പുറപ്പെടുവിക്കുന്നു. ആ ശബ്ദതരംഗങ്ങളെ മനുഷ്യരുടെ ചെവിക്ക് പിടിച്ചെടുക്കാനാവുകയില്ല. ഈ തരംഗങ്ങൾ ചുറ്റുപാടും പരക്കുന്നു. അവ തടസ്സങ്ങളിൽ തട്ടി പ്രതിഫലിക്കുന്നു. പ്രതിഫലനങ്ങളെ വവ്വാൽ പിടിച്ചെടുക്കുന്നു. അങ്ങനെ വഴിയിലെ ഇരകളെയും,തടസ്സങ്ങളെയും എല്ലാം അറിയുന്നു. ഇത്തരം വവ്വാലുകളുടെ മൂക്കുകൾക്ക് വളരെയധികം ശക്തിയുണ്ട്. അതായത് അവ മണം പിടിക്കാൻ വളരെ കഴിവുള്ളവയാണ്. അതിനാൽ മണംകൊണ്ടും ഇരകളെ തിരിച്ചറിയുന്നു.

റഡാറുകൾ പ്രവർത്തിപ്പിക്കുന്നതിന്റെയും അന്ധന്മാർക്കു കാണുന്നതിനുള്ള ഉപകരണങ്ങളുടേയും അടിസ്ഥാനതത്വം അൾട്രാസോണിക്ക് തരംഗങ്ങൾ ഉപയോഗിച്ചുകാണുന്ന വവ്വലുകളുടെ വിദ്യയെ ആസ്പദമാക്കിയാണ്.

സസ്തനികളിൽ ഏറ്റവും ചെറുത് ഒരുതരം ബംബിൾ ബാറ്റ്സാണ്. ഇവയ്ക്ക് 1.75 ഗ്രാം ഭാരമുണ്ടായിരിക്കും. വളരെ ചെറിയതരം നരിച്ചീറുകളെ കേരളത്തിലും കാണാം ഏകദേശം 3 ഗ്രാം ഭാരം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. അവയുടെ ശാസ്ത്രീയനാമം പിപ്പിസ് ട്ടെല്ലസ് മൈമസ് എന്നാണ്. രക്തം കുടിക്കുന്ന വവ്വാലുകളും അവയുടെ പേരാണ് വാമ്പയർ ബാറ്റുകൾ. മൃഗങ്ങളുടെ ശരീരത്തിൽ പറ്റിപ്പിടിച്ചിരുന്നു രക്തം കുടിക്കുന്നു. രക്തം ശേഖരിച്ചു വയ്ക്കാൻ അവയുടെ ആമാശയത്തിൽ പ്രത്യേക ഭാഗമുണ്ട്. സാധാരണയായി ഇവ മനുഷ്യരക്തം കുടിക്കാറില്ല. ഇത്തരം വാവ്വലുകൾ സാധാരണയായി ഇന്ത്യയിൽ കാണാറില്ല. തെക്കേ അമേരിക്ക,മെക്സിക്കോ എന്നിവിടങ്ങിലാണ് കാണുക.

വവ്വാലുകൾക്ക് മനുഷ്യനുമായി സാദൃശ്യമുള്ളതിനാൽ പല പരീക്ഷണങ്ങൾക്കും, കൃത്രിമബീജസങ്കലനം, സന്താനനിയന്ത്രണം, പ്രതിഫലനമുപയോഗിച്ച് കാണുന്ന വവ്വാൽവിദ്യ എന്നതത്വത്തെ ആസ്പദമാക്കിയുള്ള പരീക്ഷമങ്ങൾ എന്നിവയ്ക്കുപയോഗിക്കുന്നുണ്ട്.

ഇവയുടെ നിറം ഇവയുടെ ഒരു പ്രത്യേകതയാണ്. കറുപ്പ്, തവിട്ട് നിറങ്ങളിലാണ് സാധാരണയായി കണ്ടുവരുന്നത്. ഇവയുടെ മൂക്കിൽ ചുട്ടി,പാണ്ട് എന്നിവയുണ്ടാകും. ശബ്ദതരംഗങ്ങളെ പിടിക്കാൻ നാസാദ്വാരങ്ങൾക്ക് ചുറ്റുമായി പ്രത്യേക ആവരണം കാണാം. ഇവയിൽ ചിലതിന് (ബട്ടർഫ്ള ബാറ്റ്) കറുപ്പ് ചിറകുകളും ഓറഞ്ച് ചേർന്ന കളറുമുണ്ടായിരിക്കും. ഇവ വളരെ ചുരുക്കമാണ്. പെയിന്റഡ് ബാറ്റ്സ് എന്നാണ് ഇവ അറിയപ്പെടുക. ഇത്തരത്തിലുള്ളവ വാഴയുടെ ഇലകൾക്കുള്ളിലായി കാണാറുണ്ട്.

**ഔഷധസസ്യങ്ങൾ**

ദശപുഷ്പങ്ങൾ നല്ല ഔഷധസസ്യങ്ങളാണ്. ഇവ കൂടാതെ ആടലോടകം,തുളസി,പനികൂർക്ക,കീഴാർനെല്ലി, കുറുന്തോട്ടി,ആര്യവേപ്പ് ,കരിനൊച്ചി, കാട്ടുതൃത്താവ്(തുളസി), ചെത്തി,ചെമ്പരത്തി, തുമ്പ, താമര, പൂവാകുറുന്തില, തൊട്ടാവാടി, കീഴാർനെല്ലി എന്നിവയും ഔഷധസസ്യങ്ങളാണ്.

നറുനീണ്ടി:-

രക്തവാത,മൂത്രാശയരോഗങ്ങൾ,കണ്ണിലെ രോഗങ്ങൾ എന്നിവയെ ശമിപ്പിക്കുന്നു. രക്തം ദുഷിച്ച എല്ലാരോഗങ്ങൾക്കും നറുനീണ്ടി കഷായമാക്കിയോ,പൊടിച്ചോ ഉപയോഗിക്കുന്നു.

നീലയമരി :-

തലയിലെ പുറ്റ്, കാർ ച്ുണങ്ങ്, കണ്ണിലെ കുരു, മുടിയിലെ കായ് എന്നിവയ്ക്ക് നീലയമരിയുടെ ഇലയുടെ നീര് എടുത്ത് തൈലം ഉണ്ടാക്കുകയും ആ തൈലം മേൽ പറഞ്ഞ രോഗങ്ങൾക്ക് പുരട്ടുവാൻ വളരെ നല്ലതാണ്.

നെല്ലിയ്ക്ക :-

വളരെയധികം ഔഷധമൂല്യമുള്ള ഒന്നാണ് നെല്ലിക്കാസവം ഇത് ആരോഗ്യത്തിന് വളരെ നല്ലതാണ്. നെല്ലിയ്ക്ക എണ്ണ കാച്ചി തലയിൽ തേയ്ക്കുന്നതും നല്ലതാണ്.

കിഴുകാനെല്ലി :-

മഞ്ഞപിത്തത്തിനു കിഴുകാനെല്ലി അരച്ച് പാലിൽ ചാലിച്ച് രണ്ടേ്നരം കൊടുത്താൽ ഈ അസുഖം മാറികിട്ടും.ജനനേന്ദ്രിയ സംബന്ധമായ പല രോഗങ്ങളൾക്കും ഈ ചെടി സമൂലം അരച്ചിട്ടാൽ മാറുന്നതാണ്.ഈ സസ്യത്തിന്റെ നീര് ചേർത്ത് എണ്ണ കാച്ചി ഉപയോഗിച്ചാൽ മുടികൊഴിച്ചിലിന് കുറവുണ്ട്. മൂത്രതടസ്സം, മൂത്രകല്ല് എന്നിവയുടെ ചികിത്സക്കും കിഴുകാനെല്ലി വളരെ നല്ലതാണ്.

കുറുന്തോട്ടി :-

കുറുന്തോട്ടിയുടെ എല്ലാഭാഗങ്ങളും ഔഷധപ്രാധാന്യമുള്ളവയാണ്. കുറുന്തോട്ടി വേര് അരച്ചുകലക്കി പാലും,എണ്ണയും ചേർത്ത് എണ്ണ കാച്ചി ദിവസം തലയിൽ തേച്ചുകുളിച്ചാൽ വാതരോഗം കുറഞ്ഞുകിട്ടും .കണ്ണിന് നല്ല തണുപ്പും ഞരമ്പുകൾക്ക് നല്ല ബലവും കിട്ടുന്നു. കുറുന്തോട്ടിയുടെ വേര് കഷായം വെച്ച് രണ്ട് നേരം കഴിച്ചാൽ അസ്ഥിഉരുക്കം രോഗത്തിന് ശമനം കിട്ടും. ഇതിന്റെ ഇല താളിയായി ഉപയോഗിക്കുന്നു. ഇങ്ങനെ താളിയായി തലയ്ക്കുതേച്ച് കുളിക്കുകയാണെങ്കിൽ നല്ല തണുപ്പും കിട്ടും. മുടി നന്നാവുകയും ചെയ്യുന്നു.കുറുന്തോട്ടി വാതത്തെയും,അത്യുഷ്ണത്തെയും ശമിപ്പിക്കുന്നു.

കുരുമുളക് :-

കുരുമുളക് കഷായം വെച്ച് കഴിച്ചാൽ ശ്വാസകോശത്തിൽ ഉണ്ടാകുന്ന നീർക്കെട്ട് കഫം,പനി,നീർവീഴ്ച എന്നിവയ്ക്ക് കുറവ് കിട്ടുന്നു. കുരുമുളകും, തുളസിയിലയും,ചുക്കും

കഷായം വച്ച് കഴിക്കുകയാണെങ്കിൽ ചുമയ്ക്ക് കുറവു കിട്ടും. കഫക്കെട്ട് കുറയുകയും ചെയ്യുന്നു. ദഹനക്കേടിന് കുരുമുളക് ഔഷധം വളരെ പ്രധാനമാണ്.

കൂവളം :-
കൂവളവേരുകൊണ്ട് കഷായം വെച്ച് കുടിച്ചാൽ വായുരോഗത്തിനും ഹൃദ്രോഗത്തിനും നല്ലതാണ്. കൂവളക്കായുടെ നീര് സേവിച്ചാൽ മലബന്ധം മാറിക്കിട്ടും. അപസ്മാരം തുടങ്ങിയ രോഗങ്ങൾക്കും ഈ ഔഷധം നല്ലതാണ്.

കൊടുവേലി :-
കൊടുവേലികിഴങ്ങ് ശുദ്ധി ചെയ്തു കഷായം വെച്ചോ ചൂർണ്ണമാക്കിയോ കഴിക്കണം. ഈ ഔഷധം പൊള്ളൽ എടുക്കുന്നു. വിശപ്പ് ഉണ്ടാകുന്നതിന് പറ്റിയ ഔഷധമാണ് കൊടുവേലി.

ചക്കരക്കൊല്ലി :-
മൂത്രത്തിലും,രക്തത്തിലുമുള്ള പഞ്ചസാര ഇല്ലാതാക്കുന്നു. അർശ്ശസ്, പിത്തം,ഛർദ്ദി,ഹൃദ്രോഗം, വിഷം ഇവയ്ക്കെല്ലാം മറുമരുന്നായി ചക്കരക്കൊല്ലി ഉപയോഗിക്കാം.ഇതിന്റെ വേര് സർപ്പവിഷമുൾപ്പടെ ഏതുതരം വിഷത്തിനും കഷായമാക്കി ഉപയോഗിക്കാം. ഇനി ഇതിന്റെ ഇലകൾ ഉണക്കിപ്പൊടിച്ച് പാലിൽ ചേർത്ത് കഴിയ്ക്കുകയോ കഷായം ഉണ്ടാക്കി കഴിയ്ക്കുകയോ ചെയ്യാം.

ചീര :-
കഫം,പിത്തം,മൂത്രരോഗം, രക്തദൂഷ്യം, വൃഷ്ണവീക്കം, പ്ളീഹാവീക്കം എന്നിവയെ ചീരക്കറി കഴിച്ചാൽ ശമിപ്പിക്കാവുന്നതാണ്.കണ്ണിന്റെയും,ത്വക്കിന്റെയും ,കരളിന്റെയും രക്ഷക്കായി ധാരാളം ചീരക്കറികൾ കഴിയ്ക്കുന്നത് നല്ലതാണ്. മലശോധന ക്രമീകരിക്കുന്നതിനും ദഹനേന്ദ്രിയങ്ങൾക്ക് ബലം കിട്ടുന്നതിനും ചീരക്കറി കഴിക്കുന്നത് നല്ലതാണ്.

ചെമ്പരത്തി :-
വളരെയധികം ഔഷധഗുണമുള്ള സസ്യമാണ് ചെമ്പരത്തി. ചെമ്പരത്തിയുടെ പൂവും,കുരുന്നിലയും ഇടിച്ച് പിഴിച്ച് തലയിൽ തേച്ചുകുളിച്ചാൽ തലയിലെ പേനും ,താരനും മുടിയിലെ അഴുക്കും മാറിക്കിട്ടും.ഇതിന്റെ പൂക്കൾ പിഴിഞ്ഞെടുത്ത നീര് പൊള്ളലിന് വളരെ നല്ല ഔഷധമാണ്.

ചെറുനാരങ്ങ :-
ദഹനത്തിനും രക്തശുദ്ധിയ്ക്കും ചെറുനാരങ്ങ നീര് വളരെ നല്ല ഔഷധമാണ്. കുളിക്കാൻ ഉപയോഗിക്കുന്ന വെള്ളത്തിൽ ചെറുനാരങ്ങാനീര് ഉപയോഗിച്ചാൽ ജലദോഷം ഉണ്ടാകില്ല. കുട്ടികൾക്ക് പതിവായി ചെറുനാരങ്ങാനീര് കൊടുത്താൽ മലശോധന ക്രമീകരിക്കപ്പെടുകയും നല്ല രക്തസ്രാവം ഉണ്ടാവുകയും ചെയ്യുന്നു.

തഴുതാമ :-

ഇരുമ്പിന്റെ അഭാവം മൂലം ഉണ്ടാകുന്ന രോഗങ്ങളെ ശമിപ്പിക്കുന്നു. രക്തത്തിലെ കൊഴുപ്പുകുറയ്ക്കുന്നതിനും ഉഷ്ണരോഗങ്ങളുടെ നിവാരണത്തിനും തഴുതാമ ഉപയോഗിക്കുന്നു. പനി,രക്തക്കുറവുമൂലം ഉണ്ടാകുന്ന വിളർച്ച,മഞ്ഞപ്പിത്തം, നീര്, മൂത്രതടസ്സം എന്നിവയ്ക്കും തഴുതാമ വളരെ നല്ലതാണ്. ഇതിന്റെ ഇല കറി വച്ച് ഉപയോഗിക്കുകയും സസ്യം സമൂലം ഇടിച്ച് പിഴിഞ്ഞ നീര് പതിവായി തേൻ ചേർത്ത് ഉപയോഗിക്കുന്നത് നല്ലതാണ്.മൂത്രത്തിന്റെ അളവ് വർദ്ധിപ്പിച്ച് ശരീരത്തിലെ നീർക്കെട്ട് ഇല്ലാതാക്കുന്നതിനും തഴുതാമക്ക് കഴിവുണ്ട്.

താന്നിക്ക :-

വളരെ കൊല്ലങ്ങൾക്ക് മുമ്പ് ഔഷധമെന്ന നിലയിൽ കണക്കാക്കിയ ഒരു ഔഷധമാണ് താന്നിക്ക. ആറ്റിറമ്പിൽ വളരുന്ന ചേക്കുമരത്തെ സ്പർശിച്ചാൽ കടുത്ത ചൊറിച്ചിലും വിഷമതകളും ഉണ്ടാകും. ഇതുമാറുവാൻ താന്നിമരത്തെ പ്രദക്ഷിണം ചെയ്താൽ മതിയെന്ന് പണ്ടുകാലം തോട്ടേ വിശ്വസിച്ചുപോരുന്നു ചുമ,കഫം, ശ്വാസംമുട്ടൽ, ഒച്ചയടപ്പ്, ഛർദ്ദി,മൂത്രരോഗങ്ങൾ എന്നിവയ്ക്ക് താന്നിക്ക നല്ല ഔഷധമാണ് . പ്രമേഹം,നീര്, പിത്തം, രക്തസമ്മർദ്ദം, മഹോദരം, ചർമ്മദോഷം, ദഹനക്കുറവ്, മലബന്ധം എന്നിവയ്ക്ക് പറ്റിയ ഔഷധമാണ് താന്നിക്ക.

തൊട്ടാവാടി :-

തൊട്ടാവാടിയുടെ വേര് അരച്ചുകലക്കി കവിൾകൊണ്ടാൽ തൊണ്ടവേദനയ്ക്കും,വായ്പുണ്ണിനും ശമനം കിട്ടുന്നു. രക്തദൂഷ്യത്തിന് ഇതിന്റെ കഷായം വളരെ നല്ലതാണ്. ആട്ടിൻപാലിൽ തൊട്ടാവാടി നീര് ചേർത്തുകഴിച്ചാൽ കഫരോഗങ്ങൾ വിട്ടുമാറും. തൊട്ടാവാടിയില അരച്ച് നെറ്റിയിലിട്ടാൽ തലവേദന മാറിക്കിട്ടും.

ത്രിഫല :-

ത്രിഫല ദിവസവും കഴിച്ചാൽ നിത്യയൗവ്വനം കൈവരുകയും വാർദ്ധക്യസഹജമായ രോഗങ്ങളിൽ നിന്ന് മോചനം ലഭിക്കുകയും ചെയ്യുന്നു. എല്ലാ നേത്രരോഗങ്ങളെയും ത്രിഫല നശിപ്പിക്കുന്നു. പ്രമേഹം,പിത്തം,നീര്, രക്തസമ്മർദ്ദം,മഹോദരം, ചർമ്മദോഷം,ദഹനക്കുറവ്, മലബന്ധം എന്നിവയ്ക്കും പ്രധാനമായി ത്രിഫല ഉപയോഗിക്കുന്നു.

തുളസി :-

ആമാശയം,കുടൽ എന്നിവയിലെ രോഗങ്ങൾക്ക് തുളസി വളരെ ഫലപ്രദമാണ്. ആസ്തമ, രക്തസമ്മർദ്ദം എന്നിവയ്ക്കുള്ള മറുമരുന്നായി തുളസി ഉപയോഗിച്ചുവരുന്നു. തുളസിയില നീരും ചെറുതേനും ചേർത്ത് ഉപയോഗിച്ചാൽ ജലദോഷം മാറിക്കിട്ടും. ഇതിന്റെ നീര് പുരട്ടിയാൽ മുഖക്കുരു മാറിക്കിട്ടുന്നു. മുറിവുകൾ മൂലം ഉണ്ടായ പാടുകൾ

നീക്കാൻ തുളസിനീര് ഉപയോഗിക്കുന്നു. കഠിനമായ തലവേദനയ്ക്ക് ഇതിന്റെ ഇല പിഴിഞ്ഞെടുത്ത് നീരു പുരട്ടിയാൽ മതി. എട്ടുകാലി,തേൾ,പഴുതാര തുടങ്ങിയവയുടെ വിഷത്തിന് തുളസിയില നീര് സേവിക്കുകയും, പുറത്ത് പുരട്ടുകയും ചെയ്യുന്നു. മലമ്പനിക്ക് ഇതിന്റെ വേര് എടുത്ത് കഷായം വെച്ച് കഴിക്കുന്നത് നല്ലതായിരിക്കും. മൂത്രസംബന്ധമായ അസുഖങ്ങൾക്ക് തുളസിയുടെ ചൂടുവെള്ളത്തിൽ അരച്ചുകലക്കി കഴിക്കുക.

ഇളനീർ:-
ഛർദ്ദിയും വയറിളക്കവും വന്നാൽ ശരീരത്തിലെ ജലാംശം നഷ്ടപ്പെട്ടുവാൻ ഇടയുണ്ട്. അതിന് ഇളനീർവെള്ളം ഇടവിട്ട് കുടിക്കുന്നത് നല്ലതാണ്. ഇളനീരിൽ ക്ഷാരാംശം അധികമാണ്. പ്രമേഹരോഗികൾ ഇളനീർ കുടിക്കുന്നത് നല്ലതാണ്.

ഏലം:-
ഛർദ്ദിയും അർശ്ശസും കുറഞ്ഞുകിട്ടുന്നതിന് ഏലം ഉപയോഗിക്കുന്നു. ഏലക്കായുടെ തൈലം പല്ലുവേദനയ്ക്കും തലവേദനക്കും പറ്റിയ ഔഷധമാണ്. ഏലയ്ക്ക പൊടിച്ചു ചേർത്ത ചായ ഉണ്ടാക്കി കഴിച്ചാൽ മൂത്രം കുറഞ്ഞവർക്ക് അത് വർദ്ധിക്കാൻ ഇടയാക്കും.

കടുക്ക :-
മിക്കവാറും രോഗങ്ങൾക്കും ഔഷധമായ കടുക്ക ഒറ്റയ്ക്കോ മറ്റ് ഔഷധങ്ങളുമായി ചേർത്തോ കഴിക്കാം. വെള്ളത്തിൽ താഴുന്ന ഏത് കടുക്കയും ഔഷധമായി ഉപയോഗിക്കാം. ത്രിദോഷങ്ങൾ, ചുമ, വായുമുട്ടൽ, കുഷ്ഠം, പ്രമേഹം,അർശ്ശസ്, തുടങ്ങിയ രോഗങ്ങൾക്ക് കടുക്ക ഉപയോഗിക്കാം. ഗർഭിണികൾക്ക് അജീർണ്ണം,മെലിവ് തുടങ്ങിയ രോഗങ്ങളുള്ളവർ കടുക്ക ഉപയോഗിക്കാൻ പാടില്ല. പതിവായി കടുക്ക ഉപയോഗിച്ചാൽ ശുക്ളയിയം സംഭവിച്ചേക്കും.

കറിവേപ്പില :-
കറിവേപ്പിലയിൽ വിറ്റാമിൻ .എ. അടങ്ങിയിട്ടുള്ളതാണ്. ദഹനത്തിനും ഉദരത്തിലെ കൃമി നശിക്കുന്നതിനും കറിവേപ്പില വളരെ നല്ലതാണ്. നല്ല മലശോധന ഉണ്ടാക്കി കുടലുകളെ ശുദ്ധീകരിക്കുന്നതിനും പല്ല്,മുടി എന്നിവയുടെ ഓജസ്സിനും കറിവേപ്പില ഉപയോഗിക്കുന്നു.വയറുകടി,ഛർദ്ദി എന്നിവയ്ക്ക് എതിരായി കഷായമായി ഉപയോഗിക്കുന്നു.

കയ്യുണ്യം :-
നീർവീഴ്ച,ദന്തരോഗങ്ങൾ,കണ്ണുവേദന, ചെവിവേദന, ഇവയൊക്കെ കയ്യുണ്യം എണ്ണകൊണ്ട് മാറ്റാവുന്നതാണ്. കയ്യുണ്യം സമൂലം ഇടിച്ചുപിഴിഞ്ഞ നീര് 100 മി.ലി. അതിൽ 200 മി.ലി. വെളിച്ചെണ്ണയും എട്ടുഗ്രാം ഇരട്ടിമധുരം പൊടിച്ചതും കുരുമുളകു

ചതച്ചതും ചേർത്ത് എണ്ണ കാച്ചി തലയിൽ തേച്ചാൽ മേൽ പറഞ്ഞ അസുഖങ്ങൾ മാറുകയും മുടി തഴച്ചുവളരുകയും താരൻ പോകുകയും ചെയ്യും.

**സർപ്പകാവുകൾ**

അഞ്ചരി ഗവൺമെന്റ് സ്കൂളിന്റെ തെക്കുഭാഗത്ത് ചില സവർണ്ണകുടുംബങ്ങളിൽ മൊത്തം 21 സർപ്പകാവുകൾ ഉണ്ടായിരുന്നു. തെക്കേ അഞ്ചരിയിൽ മൂന്നെണ്ണമുണ്ട്. തിരുവിളയനാട്ട് ക്ഷേത്രത്തിൽ രണ്ടെണ്ണമുണ്ട്. ബാക്കിയുള്ള കാവുകൾ നായൻമാരുടെ വീടുകളിലാണ്. അവയെല്ലാം ഒരുമിച്ച് ഒരു കോമ്പൗണ്ടിലാക്കി ഇന്നത്തെ കാലത്ത് സംരക്ഷിച്ചു പോരുന്നു.

സർപ്പകാവുകൾക്ക് ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ ധാരാളമുണ്ട്. ഇവയെല്ലാം മഴക്കാടുകളാണ്. ധാരാളം വൃക്ഷങ്ങൾ ഉള്ളതിനാൽ സർപ്പക്കാവുകൾക്ക് ചുറ്റുമുള്ള ജലാശയങ്ങൾ വറ്റാറില്ല. മഴവെള്ളം ഇവ യഥാർത്ഥത്തിൽ സംഭരിക്കുകയാണ് ചെയ്യുന്നത്. അതുപോലെത്തന്നെ പലതരം ജീവി വിഭാഗങ്ങളുടെ ആവാസവ്യവസ്ഥയാണ് ഈ സർപ്പകാവുകൾ. അത്യപൂർവ്വ ഔഷധച്ചെടികൾ പലതും സർപ്പക്കാവുകളിൽ കണ്ടെത്താനാകും. ഒരു പ്രദേശത്തെ മഴവെള്ളം സംഭരിച്ച് അവിടത്തെ ജല ലഭ്യത ഉറപ്പാക്കുകയാണ് സർപ്പകാവുകൾ ചെയ്യുന്നത് എന്ന കാര്യത്തിൽ തർക്കമില്ല.

സർപ്പകാവുകൾക്ക് സാമൂഹ്യപരമായ പ്രത്യേകതകൾ ധാരാളമുണ്ട്. ബുദ്ധമതത്തിന്റെ പ്രഭാവകാലം മുതൽക്ക് ഇവിടെ സർപ്പക്കാവുകൾ ഉള്ളതായി ചരിത്രകാരൻമാർ പറയുന്നു. ബ്രാഹ്മണന്മാരുടെ ഒരു അധിനിവേശം ഇവിടെ ഉണ്ടായിരുന്നു എന്നാണ് സർപ്പകാവുകൾ കാണിക്കുന്നത്.

നാഗയക്ഷിയോ നാഗരാജാവിനേയോ നാഗത്തെതന്നെയോ ആണ് സർപ്പകാവുകളിൽ പ്രതിഷ്ഠിക്കുക. ഒരു പ്രത്യേകതരം കല്ല് ഉണ്ടാകും “ചിത്രകൂടക്കല്ല്” എന്നു പേരുള്ള ഒരു തരം വെട്ടുകല്ലാണ് സാധാരണയായി സർപ്പകാവുകളിൽ ഉണ്ടാകുക.

ചിത്രകൂടക്കല്ലിന് നടുവിലായി ഒരു (ഹോൾ) ദ്വാരം കാണാം. ആ ദ്വാരത്തിൽ പാമ്പ് വന്ന് ഇരിക്കുമെന്ന് പറയപ്പെടുന്നു. കന്നിമാസത്തിലെ ആയില്യം നാളിലാണ് സർപ്പക്കാവുകളിൽ വിശേഷാൽ പൂജ നടത്തുന്നത്. ആയില്യം നാൾ പാമ്പുകളുടെ നാളാണ് എന്ന് വിശ്വസിക്കപ്പെടുന്നു. പാലും,മഞ്ഞളും കൊണ്ട് വിഗ്രഹത്തിന്മേൽ അഭിഷേകം നടത്തും . പാൽ പാമ്പ് സേവിക്കും എന്നാണ് വിശ്വാസം

ആയില്യംനാൾ ചില സ്ഥലങ്ങളിൽ (സർപ്പക്കാവുകളിൽ) നാഗത്താൻപ്പാട്ട് നടത്താറുണ്ട്. കന്യകകളായ സ്ത്രീകൾ നാഗത്താന്റെ കളത്തിന് മുൻപിൽ ഇരുന്ന് ധ്യാനിക്കും. മുടിയഴിച്ചിട്ട് കവുങ്ങിൻ പൂക്കുല കയ്യിൽ വെച്ചാണ് ധ്യാനിക്കുക. കവുങ്ങിൻ

പൂക്കുലക്ക് മത്തുപിടിപ്പിക്കുന്ന മണമാണ്. ധ്യാനത്തിനൊടുവിൽ മുടിയഴിച്ചിട്ട് നാഗനൃത്തം നടത്തും.
ശ്രീ വര്യരുടെ ഭവനത്തിനോട് ചേർന്ന് ഒരു സർപ്പക്കാവ് ഇപ്പോഴും ഉണ്ട്. അവിടെ ചിത്രകൂടക്കല്ലും, നാഗരാജാവിന്റെ കൽപ്രതിമയും ഉണ്ട്. വർഷത്തിലൊരിക്കൽ കന്നിമാസത്തിലെ ആയില്യം നാളിൽ സർപ്പക്കാവിൽ പാമ്പിന് നൂറും പാലും കൊടുക്കുന്ന ഒരു ചടങ്ങ് ഉണ്ട്.

ശ്രീ ദുർഗ്ഗാക്ഷേത്രകുളത്തിനോട് ചേർന്ന് ഏതാണ്ട് ഒരു ഏക്കർ സ്ഥലത്ത് വിശാലമായ ഒരു സർപ്പക്കാവ് സ്ഥിതിചെയ്യുന്നുണ്ട്. നൂറ്റാണ്ടുകളുടെ പഴക്കം തോന്നിക്കുന്ന വടവൃക്ഷങ്ങളാൽ നിറഞ്ഞ ഈ സ്ഥലം ഒരു കാടിന്റെ പ്രതിച്ഛായ കാണികളുടെ മനസ്സിൽ സൃഷ്ടിക്കുന്നു.

ശ്രീ വാര്യരുമായുള്ള സംഭാഷണത്തിൽ നിന്ന് മനസ്സിലായ മറ്റൊരു കാര്യം ഈ പ്രദേശത്ത് "ഒടിവയ്ക്കുക" എന്ന പേരിൽ ഒരു മന്ത്രവാദസദൃശ്യമായ ഒരു പ്രവൃത്തി നിലനിന്നിരുന്നു എന്നാണ്. പാണൻമാർ എന്ന ജാതിക്കാറണത്രേ അത് ചെയ്തിരുന്നത്. രാത്രികാലങ്ങളിൽ പാണൻമാരിൽ ചിലർ മൃഗങ്ങളുടെ വേഷത്തിൽ വഴിപോക്കരുടെ അടുത്ത് എത്തും. വഴിപോക്കർക്ക് ഈ ആളുകളെ, മനുഷ്യരാശിയായിട്ടല്ല വല്ല മൃഗങ്ങളും ആയിട്ടാണ് തോന്നുക. ഇവരെ കാണുന്നവർ ഭയന്നാൽ ആ ആൾ രോഗിയായിമാറുന്നു. ഇത്തരമൊരു അന്ധവിശ്വാസം ആളുകളുടെ ഇടയിൽ പരന്നിരുന്നു.

ഇങ്ങനെ ശ്രീദുർഗ്ഗാ ക്ഷേത്രവും പാറക്കുളങ്ങര നനദുർഗ്ഗാക്ഷേത്രവും സന്ദർശിച്ച് ചരിത്രാന്വോഷകരമായ ഞങ്ങൾ തൈയ്യാട്ടു മനയിലേക്ക് യാത്രയായി.